# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1021** **21/03/2013-ൽ മറുപടിക്ക്**

**ഒ.വി. വിജയന്റെ അർദ്ധകായ പ്രതിമ വികലമാക്കപ്പെട്ട സംഭവം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കോട്ടക്കലിലെ രാജാസ് ഹൈ സ്കൂൾ മുറ്റത്ത് ഒ.വി. വിജയന്റെ അർദ്ധകായ പ്രതിമയോടുകൂടിയ സ്മൃതിവനത്തിന്റെ ഉദ്ഘാടനം നടക്കാതെ പോയതും ശില്പം വികൃതമാക്കപ്പെട്ടതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) കോട്ടക്കലിലെ രാജാസ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദി യുടെ ആഭിമുഖ്യത്തിൽ പി.ടി.എ. സഹക രണത്തോടെ ഒ.വി. വിജയൻ സ്മൃതിവനം നിർമ്മിക്കുകയും, 26/2/13-ന് ഉദ്ഘാടനം നടത്താൻ നിശ്ചയിച്ചിരുന്നതുമാണ്. എന്നാൽ കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി യിൽ നിന്ന് സ്മൃതിവന നിർമ്മാണത്തിന് മുൻകൂർ അനുവാദം വാങ്ങാതിരുന്നതു കൊണ്ട് ഉദ്ഘാടനം മാറ്റി വയ്ക്കപ്പെട്ടു. 7/3/13-ൽ സ്മൃതിവനത്തിലെ ഒ.വി. വിജയൻ പ്രതിമയ്ക്ക് കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സംഭവം സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ ; | (ബി) ഒ.വി. വിജയൻ പ്രതിമയ്ക്ക് കേടുപാടുകൾ പറ്റിയതു സംബന്ധിച്ച് പോലീസ് അധികാരികൾക്ക് പരാതി നൽകുന്ന തിനായി മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പ്രതിമ നീക്കംചെയ്യാൻ വകുപ്പു മന്ത്രിയുടെ ആഫീസ് നേരിട്ടിട പെട്ടതായുള്ള ആക്ഷേപം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പഠനപ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളുടെ കലാ സാഹിത്യവേദിയും പി.ടി.എ.യും ചേർന്ന് ഒരുക്കിയ സ്മൃതിവനം തകർക്കപ്പെട്ടതിനു പിന്നിൽ വർഗ്ഗീയ താല്പര്യങ്ങൾ പ്രവർത്തിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഈ സംഭവം സംബന്ധിച്ച് അന്വേഷിക്കാനും സ്മൃതിവനം വിഭാവനം ചെയ്യപ്പെട്ട നിലയിൽ തന്നെ പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഇ) | 11/3/2013-ൽ ബഹു. എം.എൽ.എ. ശ്രീ. അബ്ദുസമദ് സമദാനിയുടെ നേതൃത്വത്തിൽ നടന്ന സർവകക്ഷിയോഗത്തിൽ ഒ.വി. വിജയൻ സ്മൃതിവനം സംരക്ഷിക്കുവാനും, പുനർനിർമ്മിക്കുവാനും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ